പ്രതികരണം

◆

പി.പി അബ്ദുർറഹ്മാൻ പെരിങ്ങാടി

# വിദ്യാഭ്യാസം: തലതിരിഞ്ഞ പരിഷ്കരണങ്ങൾ തിരുത്തണം

**നമ്മുടെ** വിദ്യാഭ്യാസരംഗം ആകെ തലതിരിഞ്ഞ മട്ടാണ്. ഓരോ മുന്നണിയും അധികാരത്തിൽ വരുമ്പോൾ എന്തൊക്കെയോ നടപ്പാക്കുന്നു. ജോസഫ് മുണ്ടശ്ശേരി, ബേബി ജോൺ, സി.എച്ച് മുഹമ്മദ് കോയ, പി.പി. ഉമർ കോയ, ചാക്കീരി അഹ്മദ് കുട്ടി, ടി.എം ജേക്കബ്, പി.ജെ ജോസഫ്, നാലകത്ത് സൂപ്പി, ഇ.ടി മുഹമ്മദ് ബശീർ, എം.എ ബേബി തുടങ്ങിയവർ വിദ്യാഭ്യാസവകുപ്പ് കൈകാര്യം ചെയ്തിട്ടുണ്ട്. ഇവരിൽ പലരുടെ കാലത്തും പലവിധ പരീക്ഷണങ്ങൾ അരങ്ങേറുകയുണ്ടായി. അതിന്റെയൊക്കെ ഇരകളാകാൻ വിധിക്കപ്പെട്ടവരാണ് നമ്മുടെ വിദ്യാർഥികൾ. ഭാവിയുടെ വിധാതാക്കളെ വാർത്തെടുക്കേണ്ട വിദ്യാഭ്യാസം കുത്തഴിഞ്ഞതായി മാറുന്നത് ഗൗരവത്തിലെടുക്കേണ്ടതുണ്ട്. രാഷ്ട്രീയ, വിഭാഗീയ താൽപര്യങ്ങൾ, കച്ചവട താൽപര്യങ്ങൾ, ട്രേഡ് യൂനിയൻ താൽപര്യങ്ങൾ വരെ വിദ്യാഭ്യാസരംഗത്തെ മാരകമാംവിധം അലങ്കോലപ്പെടുത്തുന്നുണ്ട്. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ (പ്രഫഷണൽ കോളേജുകൾ ഉൾപ്പെടെ) സംബന്ധിച്ചാണിപ്പോഴത്തെ ചർച്ച. എന്നാൽ താഴെ തട്ടിലുള്ള പല പ്രശ്നങ്ങളും ഈ ബഹളത്തിൽ വിസ്മൃതങ്ങളാണ്. ഡി.പി.ഇ.പി പരിപാടികളും എസ്.എസ്.എ (സർവ ശിക്ഷാ അഭിയാൻ) പരിപാടികളും മറ്റും എന്തു ഫലമാണുണ്ടാക്കിയതെന്ന കൃത്യമായ വിലയിരുത്തൽ നടന്നിട്ടില്ല. കുറേ അവകാശവാദങ്ങളും ജാടകളും മാത്രമാണുള്ളത്.

വിവരസാങ്കേതികവിദ്യയുടെ വിപ്ലവകരമായ വ്യാപനത്തോടെ വിദ്യാഭ്യാസത്തിന്റെ അലകും പിടിയും മാറിക്കൊണ്ടിരിക്കുകയാണ്. വിദൂര വിദ്യാഭ്യാസവും ഓപ്പൺ യൂനിവേഴ്സിറ്റികളും സാർവത്രികമായി വരുന്നു. അധ്യാപകൻ വരെ അപ്രസക്തനാവുകയാണോ എന്ന് സംശയിക്കേണ്ടിവരുന്നു. പണ്ടുകാലത്ത് ഗുരുനാഥനിൽ കേന്ദ്രീകൃതമായിരുന്നു വിദ്യ. ഗുരുസാന്നിധ്യം വിദ്യാർഥിയെ പ്രചോദിപ്പിക്കുകയും പ്രബുദ്ധനാക്കുകയും ചെയ്തിരുന്നു. സദാചാര-ധാർമിക തകർച്ചയുടെ ഫലമായും മറ്റും അത്തരം മാതൃകായോഗ്യരായ ഗുരുഭൂതന്മാർക്ക് വംശനാശം സംഭവിച്ചുകഴിഞ്ഞിരിക്കുകയാണ്. ഇന്ന് കൈക്കൂലി വാങ്ങുന്ന, മൂല്യനിർണയം നടത്തുമ്പോൾ സത്യസന്ധത പാലിക്കാതെ മാർക്ക് നൽകുന്ന, വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്ന അധ്യാപകർ നിരവധിയാണ്. സ്വന്തം ശിഷ്യകളെ ലൈംഗികമായി പീഡിപ്പിക്കുന്നവരുമുണ്ട്. ഉത്തരക്കടലാസ് പരിശോധിച്ച് തിരിച്ചുനൽകുമ്പോൾ അതിൽ പ്രേമാഭ്യർഥന നടത്തിയ വില്ലന്മാരും അധ്യാപകരിലുണ്ട്. കല്യാണ ബ്രോക്കർമാരായും സ്വത്തു കച്ചവടക്കാരായും മറ്റും 'ഫുൾടൈം' ജോലിചെയ്ത് അധ്യാപകവൃത്തി പാർട്ട് ടൈം പോലുമല്ലാതെ കൊണ്ടുനടക്കുന്നവരുമുണ്ട്. കുട്ടികളെ മര്യാദക്ക് പഠിപ്പിക്കാതെ ഉഴപ്പിനടക്കുന്നവരും അനവധിയാണ്. ചട്ടമ്പി രാഷ്ട്രീയക്കാരോടൊപ്പം വാടാ പോടാ ശൈലിയിൽ സംസ്കാരശൂന്യമായ മുദ്രാവാക്യങ്ങൾ മുഴക്കി പോക്കിരി വേഷത്തിൽ ജാഥ നടത്തുന്നവരെയും വർഗീയ-വിഭാഗീയ ഹിംസാ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നവരെയും അധ്യാപകരിൽ കാണാം. പലരും അധ്യാപകരാവുന്നത് തന്നെ കോഴ കൊടുത്തിട്ടാണല്ലോ? ഇതൊക്കെ കാരണമായി കുട്ടികൾക്ക് അധ്യാപകരോട് ബഹുമാനമില്ലാതാവുന്നു എന്നത് ഒരു വസ്തുതയാണ്.

വിദ്യാർഥികൾ സജീവ രാഷ്ട്രീയത്തിലിറങ്ങിക്കളിക്കുന്നത് നല്ലതല്ലെന്ന് പറയുന്നവർ പോലും അധ്യാപകരുടെ പരിധിവിട്ട രാഷ്ട്രീയ പ്രവർത്തനങ്ങളും മറ്റും വിദ്യാഭ്യാസത്തിനേൽപിക്കുന്ന പലവിധ ദൂഷ്യങ്ങൾ ഗൗരവത്തിലെടുക്കുന്നില്ല. സർക്കാർ ഖജനാവിൽനിന്ന് ശമ്പളം പറ്റുന്ന ഇതര ഉദ്യോഗസ്ഥരിൽനിന്ന് വ്യത്യസ്തമായി വളരെയേറെ അവധിദിനങ്ങളും മറ്റും അനുഭവിക്കുന്ന അധ്യാപകർ ഇതര ഉദ്യോഗസ്ഥർ നൽകുന്ന സേവനം നൽകുന്നുണ്ടോ എന്നതും പരിശോധിക്കപ്പെടേണ്ടതുണ്ട്.

ഒരു വിദ്യാലയം മികച്ച നിലയിൽ കാര്യക്ഷമമായി പ്രവർത്തിക്കുകയാണെങ്കിൽ 200 ദിവസമാണ് പ്രവർത്തിക്കുക. ഇന്നത്തെ ചുറ്റുപാടിൽ ഹർത്താലുകളും സമരങ്ങളും ചരമങ്ങളും മറ്റുമായും പരീക്ഷ, യുവജനോത്സവം, അധ്യാപകരില്ലായ്മ തുടങ്ങിയ വകയിലും വരുന്ന ഒഴിവുകൾ കഴിഞ്ഞാൽ 150/160 ദിവസമാണ് ഫലത്തിൽ അധ്യയനം നടക്കുക. പ്രതിദിനം 5 മണിക്കൂർ പ്രവർത്തന സമയമാണെങ്കിലും നാലര മണിക്കൂറേ പഠനം നടക്കൂ. 160 x 4.5 എന്നത് 720 മണിക്കൂർ വരും. അതായത് 60 പകൽ (30 ദിനം). ഇത്രയുമാണ് പണി ശരിക്ക് നടക്കുകയാണെങ്കിൽ അധ്യാപകനും വിദ്യാർഥിയും തമ്മിലുള്ള പരമാവധി ബന്ധം (ഇതുതന്നെ ഒരധ്യാപകനല്ല മറിച്ച് പല അധ്യാപകരാണ്). പുതിയ പരിഷ്കാരമനുസരിച്ച് അധ്യാപകന്റെ നിരന്തര വിലയിരുത്തലും തദടിസ്ഥാനത്തിലുള്ള മാർക്കും എസ്.എസ്.എൽ.സി പരീക്ഷാഫലത്തെ നിർണയിക്കുന്ന ഘടകമാണ്. തുടർച്ചയായ മൂല്യനിർണയം (Continuos Evaluvation) എന്ന ഈ പുതിയ ഏർപ്പാട് ട്രേഡ് യൂനിയൻ മനസ്സും രാഷ്ട്രീയ-സാമുദായിക പക്ഷപാതിത്വങ്ങളുമുള്ള അധ്യാപകരിലൂടെ നടക്കുമോ, ഈ വകുപ്പ് പലനിലക്കും ദുരുപയോഗം ചെയ്യപ്പെടുകയില്ലേ എന്ന ഒരാലോചന ഗൗരവപൂർവം നടക്കേണ്ടതുണ്ട്.

വിദ്യാഭ്യാസച്ചെലവ് സർക്കാറിന് താങ്ങാനാവാത്തതുകൊണ്ടാണല്ലോ സ്വാശ്രയ സ്ഥാപനങ്ങളെക്കുറിച്ച ചിന്ത വന്നത്. എങ്കിൽ ഒരു രക്ഷിതാവിന്, കലുഷവും മലിനവുമായ വിദ്യാലയാന്തരീക്ഷവും അധ്യാപകരുടെ നിലവാരമില്ലായ്മയും കണക്കിലെടുത്തും മക്കളെ സ്വകാര്യമായി പഠിപ്പിക്കാനുള്ള സൗകര്യവും

സ്വാതന്ത്ര്യവും നൽകിക്കൂടേ? വിദ്യാഭ്യാസത്തിന്മേലുള്ള സർക്കാർ നിയന്ത്രണം സിലബസ്, പരീക്ഷ തുടങ്ങിയ സംഗതികളിലൂടെ സാധിക്കില്ലേ? സർക്കാറിന് ഇത്തരം വിദ്യാർഥികളിൽനിന്ന് റഗുലർ വിദ്യാർഥികളേക്കാൾ കൂടുതൽ പരീക്ഷാഫീസ് വാങ്ങാം. ഈ വിഭാഗത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്താൻ മിനിമം പാസ് മാർക്ക് ഒരഞ്ച് ശതമാനം കൂട്ടിവെക്കാം. ഇപ്പോൾ കണ്ടിന്യൂസ് ഇവാല്യുവേഷന്റെ മാർക്ക് നൽകാൻ സാധ്യമല്ലെന്ന ന്യായം പറഞ്ഞ് സ്വകാര്യ പഠനത്തെ അസാധ്യമാക്കുകയാണ് സർക്കാർ ചെയ്യുന്നത്. കണ്ടിന്യൂസ് ഇവാല്യുവേഷൻ എന്ന പുത്തൻ ഏർപ്പാട് അധ്യാപക വർഗത്തിന്റെ പിടിത്തം മുറുക്കി തങ്ങളുടെ തൊഴിൽ സാധ്യത നിലനിർത്താനും കുട്ടികൾ കുറഞ്ഞ് തസ്തിക നഷ്ടപ്പെടുന്നത് ഒഴിവാക്കാനുമുള്ള കുതന്ത്രമാണെന്ന സംശയം ന്യായമായും ഉണ്ട്. അടിയന്തരമായും ഈ ഉപദ്രവകരമായ പുത്തൻ വ്യവസ്ഥ ഒഴിവാക്കപ്പെടണം; അല്ലെങ്കിൽ ഇതിന് ഒരു ഓപ്ഷൻ ഉണ്ടാക്കണം. സി.ഇ(കണ്ടിന്യൂസ് ഇവാല്യുവേഷൻ)യുടെ മാർക്കിന് തുല്യമായ ഒരു എക്സ്ട്രാ പേപ്പർ കൂടി പരീക്ഷക്ക് വെക്കാവുന്നതാണ്.

വിദ്യാഭ്യാസത്തിന്മേലുള്ള സർക്കാർ നിയന്ത്രണം സിലബസ് നിർണയം, പരീക്ഷ നടത്തിപ്പ് തുടങ്ങിയവയിലൂടെ സാധിക്കും. ഒരു രക്ഷിതാവ് മക്കളെ സ്വയം പഠിപ്പിച്ച് പരീക്ഷക്കിരുത്താൻ തുനിയുന്നുണ്ടെങ്കിൽ അത് സാധിക്കണം. ഒരുപക്ഷേ അധ്യാപകനേക്കാൾ തങ്ങളുടെ മക്കളെ മനശ്ശാസ്ത്രപരമായും ആത്മാർഥമായും ശ്രദ്ധിക്കാനാവുക രക്ഷിതാക്കൾക്കാണല്ലോ? അങ്ങനെ തന്റേടമുള്ള രക്ഷിതാക്കൾക്ക്, അവരങ്ങനെ ഉദ്ദേശിക്കുന്നെങ്കിൽ പ്രവർത്തിക്കാനുള്ള സൗകര്യം സ്വാതന്ത്ര്യവും നൽകേണ്ടത് ന്യായമായ ഒരാവശ്യമാണ്. പക്ഷേ ഉള്ള സൗകര്യം പോലും ഇല്ലാതാവുന്നുവെന്നതാണ് ഇപ്പോഴത്തെ അവസ്ഥ. വിവരസാങ്കേതിക വിദ്യയുടെ വളർച്ചക്കനുസരിച്ച് വിദൂര വിദ്യാഭ്യാസ സാധ്യതകൾ വ്യാപകമാവുമ്പോൾ അനാവശ്യവും അശാസ്ത്രീയവുമായ കേന്ദ്രീകരണം സൃഷ്ടിച്ച് [illegible]തകൾ വർധിപ്പിക്കുന്നതിലെ അനൗചിത്യവും അനീതിയും ഭരണകൂടത്തിന്റെ പര്യാലോചനക്ക് വിഷയീഭവിക്കേണ്ടതുണ്ട്.

പ്രവാസികൾ ഉൾപ്പെടെ പലരും മക്കളെ സ്വയം പഠിപ്പിച്ച് സ്വകാര്യമായി എസ്.എസ്.എൽ.സി പരീക്ഷക്കിരുത്താൻ ആഗ്രഹിക്കുന്നവരാണ്. അധ്യാപകരെന്ന തൊഴിലാളി വർഗത്തിന്റെ തൊഴിൽ താൽപര്യത്തിന്റെ പേരിൽ വിദ്യാഭ്യാസത്തിന് വിലക്കേർപ്പെടുത്തുന്നത് ശരിയല്ല. 18 വയസ്സായ ആർക്കും ഓപ്പൺ ബി.എ എഴുതാനുള്ള സൗകര്യമുള്ള ലോകത്ത് എസ്.എസ്.എൽ.സി പരീക്ഷ സ്വകാര്യമായി എഴുതാനുള്ള സൗകര്യം ഇല്ലാതാകുന്നുവെന്നത് വിചിത്രമാണ്. പുതിയ പാതയും പാലങ്ങളും നിർമിക്കുന്നതിന് പകരം നിലവിലുള്ളതുകൂടി തടയുന്ന പരിപാടി ഒരിക്കലും പുരോഗമനപരമല്ല. കുലത്തൊഴിലുകളിലേർപ്പെട്ടും മാതാപിതാക്കളെ കച്ചവടം, കൃഷി, കുടിൽ വ്യവസായം തുടങ്ങിയവയിൽ സഹായിച്ചും സ്വകാര്യമായും സ്വതന്ത്രമായും പഠിക്കാനുള്ള സാഹചര്യമുണ്ടാക്കിയാൽ തൊഴിലില്ലാപ്പടയെയും വെള്ളക്കോളർ മനോഭാവക്കാരെയും പടച്ചുവിടുന്നതിനേക്കാൾ ഭേദമായിരിക്കുമത്. വിദ്യാഭ്യാസരംഗത്തെ തെറ്റായ 'പരിഷ്കരണ'ങ്ങൾ തിരുത്തി ഉദാരവത്കരണത്തിന്റേതും പ്രായോഗികതയുടേതുമായ സമീപനം സ്വീകരിക്കാൻ പുതിയ സർക്കാർ തയാറാവണം. മുൻ യു.ഡി.എഫ് സർക്കാർ തുടങ്ങിവെച്ച തെറ്റായ പരിഷ്കാരങ്ങൾ തിരുത്തി പാവങ്ങൾക്കനുകൂലമായ രീതിയിൽ എസ്.എസ്.എൽ.സി സ്വകാര്യമായിട്ടെഴുതാനുള്ള സൗകര്യവും സ്വാതന്ത്ര്യവും ഉദാരമാക്കുകയാണ് വേണ്ടത്.

പല നിലക്കും വിദ്യാഭ്യാസത്തിൽനിന്ന് കൊഴിഞ്ഞുപോയവർ, വഴിമധ്യേ ഇടറിവീണവർ, രോഗം കൊണ്ട് വിദ്യാഭ്യാസം മുടങ്ങിയവർ, ജയിൽവാസം ഉൾപ്പെടെയുള്ള ഹേതുക്കളാൽ വിദ്യാഭ്യാസത്തിന് സൗകര്യം നഷ്ടപ്പെട്ടവർ, ദാരിദ്ര്യം കാരണം പഠനം മുടങ്ങിയവർ തുടങ്ങിയവർക്ക് വിദ്യാഭ്യാസത്തിന്റെ ധാരയിലേക്ക് തിരിച്ചുവരാനുള്ള വഴി സുഗമമാക്കിക്കൊടുക്കേണ്ടതുണ്ട്. സ്വകാര്യമായി എസ്.എസ്.എൽ.സി എഴുതി മികവാർന്ന വിജയം നേടി വിദ്യാഭ്യാസത്തിന്റെ ഉന്നത പടവുകൾ കയറിപ്പോയ പതിനായിരങ്ങൾ കഴിഞ്ഞ കാലത്തുണ്ടായിട്ടുണ്ട്. ഇപ്പോൾ പറയപ്പെടുന്ന വ്യവസ്ഥ പ്രകാരം സ്വകാര്യമായി എസ്.എസ്.എൽ.സി എഴുതുക അസാധ്യമാണ്. പതിനായിരക്കണക്കിന് പാവങ്ങളെ പ്രതികൂലമായി ബാധിക്കുന്ന ഈ തെറ്റ് ന്യൂനപക്ഷ-പിന്നാക്ക വിഭാഗങ്ങൾക്ക് കൂടി പ്രതികൂലമാണ്. കഴിഞ്ഞ യു.ഡി.എഫ് സർക്കാറിനെ ഏതോ ലോബികൾ ചതിയിൽ പെടുത്തി നടപ്പാക്കിയതാണീ പരിഷ്കാരമെന്ന് കേൾക്കുന്നു.

വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പല ചട്ടങ്ങളും ഇന്ന് അപ്രായോഗികവും അനാവശ്യവുമാണ്. ഇവ പുനരവലോകനത്തിനു വിധേയമാകേണ്ടതുണ്ട്. വിദ്യാഭ്യാസ ചട്ടങ്ങളിലെ അപ്രായോഗികമായ വശങ്ങൾ പരിഷ്കരിച്ച് ഉദാരവും ഫലപ്രദവുമായ വ്യവസ്ഥകൾ ഉണ്ടാക്കേണ്ടതുണ്ട്; ഉപരിപഠനത്തേക്കാൾ ഉദാരവത്കരിക്കേണ്ടത് സെക്കന്ററി തലങ്ങളാണ്. സ്വകാര്യ പഠനം നടത്തുന്നവ[illegible]നപരമായി പെരുമാറുന്നുണ്ടെന്ന ആവലാതിയും ഉണ്ട്. അസംഘടിതരായ സാധാരണക്കാരെ സംഘടിതർ തന്ത്രപൂർവം പീഡിപ്പിക്കാനും ഒതുക്കാനും തുനിയുന്നത് കാലക്രമത്തിൽ ഗുരുതരമായ തിരിച്ചടികൾക്കിടയാക്കും. പല കാരണങ്ങളാൽ പിന്നാക്കം പോകുന്നവർക്ക് സ്വതന്ത്രമായും സ്വകാര്യമായും പഠിക്കാൻ അവസരം നൽകേണ്ടത് അവസരസമത്വത്തിന്റെയും നീതിയുടെയും തേട്ടമാണ്.

■